ENTRI

1 Crore User Downloads

# CURRENT AFFAIRS 06 NOV 2024

▷ **2024 ലെ യുഎൻ ജൈവവൈവിധ്യ ഉച്ചകോടിക്ക് (കോപ് 16) വേദിയായത്**

കാലി, കൊളംബിയ

---

▷ **രാജസ്ഥാൻ ആസ്ഥാനമായുള്ള മേഘ് മണ്ഡൽ സൻസ്ഥാന്റെ 2024ലെ രാജാ രവിവർമ ചിത്രകാർ സമ്മാൻ പുരസ്കാരത്തിന് അർഹനായ മലയാളി**

മുരളി ചീരോത്ത് (കേരള ലളിതകലാ അക്കാദമി ചെയർമാൻ)

- സമകാലീന ഇന്ത്യൻ ദൃശ്യകലയ്ക്ക് നൽകിയ ശ്രദ്ധേയമായ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം.



മുരളി ചീരോത്ത്

---

▷ **അടുത്തിടെ അന്തരിച്ച പ്രമുഖ ഇലക്ട്രോണിക് ഉത്പന്ന നിർമാണ കമ്പനിയായ ബി.പി.എൽ. (ബ്രിട്ടീഷ് ഫിസിക്കൽ ലബോറട്ടറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്) ഗ്രൂപ്പ് സ്ഥാപകനായ വ്യവസായി**

ടി.പി.ജി. നമ്പ്യാർ

- 1962-ലാണ് കേരളത്തിൽ പാലക്കാട് ആസ്ഥാനമായി ബി.പി.എൽ. കമ്പനി അദ്ദേഹം സ്ഥാപിച്ചത്. ഇതേപേരിലുള്ള ബ്രിട്ടീഷ് കമ്പനി ടി.പി.ജി. നമ്പ്യാർ ഏറ്റെടുക്കുകയായിരുന്നു.



ടി.പി.ജി. നമ്പ്യാർ

---

▷ **'ഭരണഘടനയുടെ 21-ാം അനുച്ഛേദം പ്രകാരമുള്ള ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ് അമ്മയുടെ മുലയൂട്ടാനുള്ള അവകാശവും' എന്ന് അടുത്തിടെ പ്രസ്താവിച്ച കോടതി**

കേരള ഹൈക്കോടതി

---

▷ **2024ലെ വാക്കായി കോളിൻസ് നിഘണ്ടു തിരഞ്ഞെടുത്തത്**

ബ്രാറ്റ് (BRAT)

- ഇംഗ്ലീഷ് ഗായിക ചാർളി എക്സ് സി എക്സിന്റെ 2024 ജൂണിൽ പുറത്തിറങ്ങിയ 'ബ്രാറ്റ്' എന്ന ആൽബം ലോകമെമ്പാടും തരംഗമുണ്ടാക്കിയിരുന്നു. ആൽബത്തിന്റെ തലക്കെട്ടായി ചാർളി ഉപയോഗിച്ച ബ്രാറ്റ് (BRAT) ആണ് 2024-ലെ വാക്കായി കോളിൻസ് നിഘണ്ടു തിരഞ്ഞെടുത്തത്.




---

▷ **ഉപഭോക്താക്കൾക്ക് ഏറ്റവും പുതിയ വിവരങ്ങൾ ലഭിക്കുന്നതിന് ചാറ്റ് ജിപിടി അവതരിപ്പിച്ച പുതിയ ഫീച്ചർ**

ചാറ്റ് ജിപിടി സെർച്ച്

